പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2385 18.06.2014-ൽ മറുപടിക്ക്

**പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.പി.മുഹമ്മദ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരടക്കം എത്ര സ്റ്റാഫുണ്ട്; | (എ) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ 4 ഡോക്ടർമാരടക്കം 40 സ്റ്റാഫുണ്ട്. |
| (ബി) ഒരു താലൂക്ക് ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് ഇവിടെയുണ്ടോ; | (ബി) താലൂക്ക് ആശുപത്രിക്ക് ആവശ്യമായ സ്റ്റാഫ് നിലവിലില്ല. |
| (സി) എന്ത് കൊണ്ട് പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ സ്റ്റാഫിനെ നിയമിക്കുന്നില്ല;<br>(ഡി) മുഴുവൻ സ്റ്റാഫിനെയും എന്നത്തേയ്ക്ക് നിയമിക്കും; വ്യക്തമാക്കുമോ; | (സി) & (ഡി) പട്ടാമ്പി താലൂക്ക് ആശുപത്രിയെ 108 ബഡ് സ്ട്രെങ്ങ്ത് ഉള്ള പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തി അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (ഇ) കൊപ്പം പ്രാഥമികാരോഗ്യ കേന്ദ്രം കമ്യൂണിറ്റി ഹെൽത്ത് സെന്ററാക്കിയിട്ടും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തത് എന്ത്കൊണ്ട്; കൊപ്പം ആശുപത്രിയിൽ ഉടൻ സ്റ്റാഫിനെ നിയമിക്കുമോ? | (ഇ) കൊപ്പം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സി.എച്ച്.സി പാറ്റേൺ അനുസരിച്ചുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ